**സബ്മിഷൻ**

മി. ഡെപ്യൂട്ടി സ്പീക്കർ: ഇന്ന് നിയമനിർമ്മാണവുമായി ബന്ധപ്പെട്ട് അപരാഹ്ന സമ്മേളനമുള്ളതിനാൽ സബ്മിഷൻ അവതരിപ്പിക്കുന്ന അംഗങ്ങൾ പരമാവധി സമയം കുറച്ച് അവതരിപ്പിക്കുകയും ബഹുമാനപ്പെട്ട മന്ത്രിമാർ മറുപടി ദീർഘമാണെങ്കിൽ മേശപ്പുറത്തുവയ്ക്കുകയും ചെയ്യണം. പ്രധാനപ്പെട്ട കാര്യങ്ങൾ ചുരുക്കിപ്പറയാൻ ശ്രമിക്കണം.

1. ചെമ്പഴന്തി അഗ്രിക്കൾച്ചറൽ ഇംപ്രൂവ്മെന്റ് സഹകരണ സംഘത്തിലെ സാമ്പത്തിക ക്രമക്കേട്

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, എന്റെ നിയോജകമണ്ഡലത്തിൽ ചെമ്പഴന്തി കേന്ദ്രമായി പ്രവർത്തിക്കുന്ന മിസല്ലേനിയസ് വിഭാഗത്തിലെ ഒരു സംഘമാണ് ചെമ്പഴന്തി അഗ്രിക്കൾച്ചറൽ ഇംപ്രൂവ്മെന്റ് സഹകരണ സംഘം. ആ സംഘത്തിൽ ചില സാമ്പത്തിക ക്രമക്കേടുകൾ നടന്നതായി മനസ്സിലാക്കിയതിനെത്തുടർന്ന് സഹകരണ വകുപ്പ് അന്വേഷണം നടത്തിവരികയാണ്. കഴിഞ്ഞ ജൂൺ 29 ശനിയാഴ്ച അണിയൂർകാരനായ ബിജുകുമാർ ആത്മഹത്യ ചെയ്ത സംഭവത്തിൽ സംഘവുമായി ബന്ധപ്പെട്ട ചില സാമ്പത്തിക പ്രശ്നങ്ങളാണ് കാരണമെന്ന് പറയുന്നു. ഞാൻ ഇന്നലെ

ബിജുകുമാറിന്റെ വസതിയിൽപോയി കുടുംബാംഗങ്ങളെ സന്ദർശിച്ചിരുന്നു. രണ്ടര ലക്ഷം രൂപയുടെ ഇടപാടിനെ സംബന്ധിച്ചും ബാങ്ക് പ്രസിഡന്റിന്റെ നിഷേധാത്മകമായ നിലപാടും പെരുമാറ്റത്തിലുണ്ടായ പ്രശ്നങ്ങളുമാണ് അത്മഹത്യയിലേയ്ക്ക് നയിച്ച കാരണമെന്നാണ് അതീവ ദുഃഖിതരായ കുടുംബാംഗങ്ങൾ എന്നോട് പറഞ്ഞത്. സംഘത്തിന്റെ നിക്ഷേപം, വായ്പ തുടങ്ങിയ കാര്യങ്ങളെക്കുറിച്ച് സമഗ്രമായ ഒരന്വേഷണം നടത്തണം. റിയൽ എസ്റ്റേറ്റുകാർക്കും ഭൂമാഫിയകൾക്കും ധാരാളം വായ്പ നൽകിയതായാണ് പറയുന്നത്. ഈ കേസിലെ വസ്തുതകളെല്ലാം പുറത്തുകൊണ്ടുവരണമെന്ന് ഞാൻ അഭ്യർഥിക്കുന്നു. ബിജുകുമാറിന്റെ മരണത്തിന് ഉത്തരവാദികളായവരെ നിയമത്തിനുമുന്നിൽ കൊണ്ടുവരുന്നതിനുള്ള നടപടി അടിയന്തരമായി സ്വീകരിക്കണം. നിക്ഷേപകർക്ക് നിക്ഷേപം തിരികെ ലഭിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി (<u>ശ്രീ. വി. എൻ. വാസവൻ</u>): സർ, 1750-ാം നമ്പർ ചെമ്പഴന്തി അഗ്രിക്കൾച്ചറൽ ഇംപ്രൂവ്മെന്റ് സഹകരണ സംഘത്തിലെ അംഗവും ഇടപാടുകാരനുമായ ബിജുകുമാർ ആത്മഹത്യ ചെയ്ത

സംഭവം വളരെയധികം വേദനാജനകമാണ്, ദുഃഖകരമാണ്, അനുശോചനം രേഖപ്പെടുത്തുന്നു. ടിയാന് സംഘവുമായി ബന്ധപ്പെട്ട് സാമ്പത്തിക ഇടപാടുകളുണ്ടായിരുന്നു. ഇതുസംബന്ധിച്ച് സംഘം പ്രസിഡന്റുമായി ആശയവിനിമയം നടത്തുമ്പോൾ പ്രസിഡന്റിൽനിന്നും നിഷേധാത്മക സമീപനമുണ്ടായതിനെത്തുടർന്നാണ് അദ്ദേഹം ആത്മഹത്യ ചെയ്തതെന്നാണ് പ്രാഥമിക അന്വേഷണത്തിൽ ബോധ്യപ്പെടുന്നത്. ചെമ്പഴന്തി അഗ്രിക്കൾച്ചറൽ ഇംപ്രൂവ്മെന്റ് സഹകരണ സംഘം മിസല്ലേനിയസ് വിഭാഗത്തിൽപ്പെടുന്ന ഒരു സംഘമാണ്. ഡിപ്പാർട്ടുമെന്റ് നടത്തുന്ന പരിശോധനയിൽ പ്രസ്തുത സംഘത്തിൽ ക്രമക്കേടുകൾ നടക്കുന്നതായി കണ്ടെത്തിയതിനെത്തുടർന്ന് സെക്ഷൻ 65 അനുസരിച്ചുള്ള അന്വേഷണം ആരംഭിച്ചിട്ടുണ്ട്. അന്വേഷണം അവസാനഘട്ടത്തിലാണ്. റിപ്പോർട്ട് ലഭ്യമായാലുടൻ വകുപ്പുതല നടപടിയുണ്ടാകും. ഇവിടെ ഉന്നയിക്കപ്പെട്ട ബിജുകുമാറിന്റെ ആത്മഹത്യയുമായി ബന്ധപ്പെട്ട പ്രശ്നത്തിന് കഴക്കൂട്ടം പോലീസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം ആരംഭിച്ചിട്ടുണ്ട്. കുറ്റംചെയ്തവർ ആരായാലും സർക്കാരിന്റെ ഭാഗത്തുനിന്നും കർശന നടപടിയുണ്ടാകുമെന്ന് അറിയിക്കുന്നു.

## 2. സഹകരണ വകുപ്പിലെ ഓൺലൈൻ ട്രാൻസ്ഫർ

ഡോ. മാത്യു കുഴൽനാടൻ: സർ, ജി.ഒ.(പി)നം. 3/2017 പൊ.ഭ.വ. പ്രകാരം സർക്കാർ വകുപ്പുകളിലെ സ്ഥലംമാറ്റം ഓൺലൈൻ മുഖേനയാക്കണമെന്ന് നിർദേശിച്ചിരുന്നു. വളരെയധികം ജീവനക്കാരുള്ള റവന്യൂ, പഞ്ചായത്ത്, കൃഷി, ആരോഗ്യം തുടങ്ങിയ വകുപ്പുകളിലൊക്കെ ഓൺലൈൻ പൊതുസ്ഥലംമാറ്റം നടപ്പാക്കിയപ്പോൾ 2500 ജീവനക്കാരിൽമാത്രം ഒതുങ്ങുന്ന സഹകരണ വകുപ്പിൽ ഇത് നടപ്പാക്കാത്തത് എന്തുകൊണ്ടാണെന്നാണ് ഞാൻ ചോദിക്കാനാഗ്രഹിക്കുന്നത്. അഴിമതിയാണ് നമ്മളെല്ലാവരും ഇപ്പോൾ നേരിട്ടുകൊണ്ടിരിക്കുന്ന പ്രശ്നം. സഹകരണ വകുപ്പിൽ വൻതോതിൽ അഴിമതി നടക്കുന്നുവെന്ന വാർത്തകൾ നിരന്തരം പുറത്തുവന്നുകൊണ്ടിരിക്കുകയാണ്. കരുവന്നൂർ ബാങ്ക് കൊള്ളയുമായി ബന്ധപ്പെട്ട് സി.പി.ഐ.(എം) അടക്കം വലിയ പ്രതിസന്ധിയിലാണ്. ഒരു സ്ഥലത്ത് സ്ഥിരമായി ഒരേ ഉദ്യോഗസ്ഥർ ഇരിക്കുകയും അവർ തമ്മിലൊരു കൂട്ടുകെട്ടുണ്ടാക്കുകയും ചെയ്യുന്നതുകൊണ്ടാണ് ഇത്തരം അഴിമതികളുണ്ടാകുന്നതെന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്. ഇതുകൂടാതെ,

ബഹുമാനപ്പെട്ട അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ നിരവധി തവണ, അവസാനമായി 7-3-2024-ന് സഹകരണവകുപ്പിൽ ഓൺലൈൻ മുഖാന്തരം ട്രാൻസ്ഫർ നടപ്പാക്കണമെന്ന് പറഞ്ഞു, എന്നിട്ടും നിങ്ങൾ അത് നടപ്പാക്കിയില്ല. ബഹുമാനപ്പെട്ട എം. വിൻസെന്റ് അങ്ങയോട് ഓൺലൈൻ ട്രാൻസ്ഫറുമായി ബന്ധപ്പെട്ട ഒരു ചോദ്യം ചോദിച്ചപ്പോൾ സഹകരണ വകുപ്പിൽ ഓൺലൈൻ ട്രാൻസ്ഫർ നടപ്പാക്കിവരികയാണെന്ന മറുപടിയാണ് നിയമസഭയിൽ നൽകിയത്. അത് ഇതുവരെയും നടപ്പാക്കിയിട്ടില്ല. ഓൺലൈൻ ട്രാൻസ്ഫർ നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ?

തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ച ഒരു കാര്യം ശരിയല്ല. സഹകരണ വകുപ്പിൽ ഒരു രീതിയിലുള്ള അഴിമതിയും നടക്കുന്നില്ല. അതേസമയം യു.ഡി.എഫ്./ബി.ജെ.പി./എൽ.ഡി.എഫ്. സഹകരണ സംഘങ്ങളിൽ അഴിമതി നടക്കുന്നുവെന്നത് യാഥാർത്ഥ്യമാണ്. സഹകരണ സംഘം രജിസ്ട്രാറുടെ 6-9-2021-ലെ 38/2021 നമ്പർ സർക്കുലർ നിർദേശപ്രകാരം

സഹകരണ സംഘങ്ങളിലെ ജീവനക്കാർ ഒരു സെക്ഷനിൽ രണ്ട് വർഷത്തിലധികം തുടരുന്നത് അനുവദിക്കാൻ പാടുള്ളതല്ലെന്ന നിർദേശം പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ, സഹകരണ വകുപ്പിലെ ആഡിറ്റർമാരെ രണ്ടുവർഷത്തിലധികം ഒരു സ്ഥാപനത്തിൽ ആഡിറ്ററായി തുടരാൻ അനുവദിക്കരുതെന്ന നിർദേശവും നൽകിയിട്ടുണ്ട്. സഹകരണ വകുപ്പിലെ ജീവനക്കാരുടെ പൊതുസ്ഥലംമാറ്റം ഓൺലൈൻ സമ്പ്രദായം മുഖേന നടപ്പാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ 4-6-2024-ലെ സഹകരണ ഉത്തരവ് നമ്പർ 8/2023 പ്രകാരം അംഗീകരിച്ചിട്ടുണ്ട്. 2023-ൽ ഓൺലൈൻ സംവിധാനം നടപ്പാക്കുന്നതിനായി സ്പാർക്ക് മുഖേന ജീവനക്കാരിൽനിന്നും സഹകരണ സംഘം രജിസ്ട്രാർ അപേക്ഷ ക്ഷണിച്ചിരുന്നു. എന്നാൽ, പ്രസ്തുത പൊതുസ്ഥലംമാറ്റ നടപടികൾ സംബന്ധിച്ച് കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ ഒ.എ. നമ്പർ 20/2024 പ്രകാരം കേസ് ഫയൽ ചെയ്യുകയും പ്രസ്തുത കേസിൽ സഹകരണ വകുപ്പിന്റെ 2021-ലെ ഓൺലൈൻ പൊതുസ്ഥലംമാറ്റ നടപടികൾ ഒഴിവാക്കുന്നതിനും 2024-ലെ പൊതുസ്ഥലംമാറ്റം ഏപ്രിൽ 30-ന് പൂർത്തീകരിക്കുന്നതിനും 7-3-2024-ൽ

കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ വിധിന്യായം പുറപ്പെടുവിച്ചിരുന്നു. എന്നാൽ വകുപ്പിലെ കെ.എസ്.ആർ. 144 തസ്തികകളിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാർക്ക് സ്പാർക്ക് സോഫ്റ്റ്‌വെയറിലൂടെ പൊതുസ്ഥലംമാറ്റത്തിനുള്ള അപേക്ഷ സമർപ്പിക്കാൻ കഴിയാത്ത സാഹചര്യമുണ്ട്. ഇക്കാര്യം ബഹുമാനപ്പെട്ട അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ ഒ.എ. 20/2024, 404/2024 നമ്പർ വിധി നടപ്പാക്കുന്നതിനുള്ള സമയപരിധി 30-4-2024-മുതൽ മൂന്ന് മാസത്തേയ്ക്ക് ദീർഘിപ്പിച്ചുകൊണ്ട് 20-5-2024-ൽ എം.എ.നം. 932/2024 പ്രകാരമുള്ള ഇടക്കാല ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ പുതിയ സോഫ്റ്റ്‌വെയറിലൂടെ 2024-ൽ ഓൺലൈൻ പൊതുസ്ഥലംമാറ്റം അടിയന്തരമായി നടപ്പാക്കാനുള്ള നടപടികൾ സഹകരണസംഘം രജിസ്ട്രാർ സ്വീകരിച്ചുവരുന്നു.

3. <u>സർക്കാർ മേഖലയിൽ ഡയാലിസിസ് സംവിധാനം</u>

<u>ശ്രീ. വി. കെ. പ്രശാന്ത്</u>: സർ, സംസ്ഥാനത്ത് ഡയാലിസിസ് രോഗികളുടെ എണ്ണം അനുദിനം കൂടിവരുന്നതിന് കാരണം നമ്മുടെ ജീവിതശൈലിയും മറ്റു പ്രശ്നങ്ങളുമാണ്. ഈ രോഗികൾ ഡയബറ്റീസ് രോഗത്തിൽ തുടങ്ങി ഡയാലിസിസിന് വിധേയമാകുകയും ക്രമേണ വൃക്ക മാറ്റിവച്ച് അതിന് പരിഹാരം കാണേണ്ട ഒരു സ്ഥിതിയാണ് കണ്ടുവരുന്നത്. ഇതിന് സ്വകാര്യ ആശുപത്രികളിൽ വലിയ ചെലവാണ്. ഇവർക്ക് തുടർച്ചയായി ഡയാലിസിസ് ചെയ്യേണ്ട സാഹചര്യം വരുന്നതിനാൽ സർക്കാർ സ്ഥാപനങ്ങളിൽ ഈ സൗകര്യം കൂടുതലായി ഒരുക്കണമെന്ന് ദിനംപ്രതി ജനപ്രതിനിധികളെക്കണ്ട് രോഗികൾ ആവശ്യപ്പെടുന്ന സ്ഥിതിയായതിനാൽ ഇതിനാവശ്യമായ ഒരു നടപടി സ്വീകരിക്കണമെന്ന് ഈ സബ്മിഷന്റെ ഭാഗമായി ഉന്നയിക്കുകയാണ്. ആശുപത്രികളിലെത്താതെ രോഗികൾക്ക് വീട്ടിൽതന്നെ ഡയാലിസിസ് ചെയ്യാൻ കഴിയുന്നതരത്തിൽ പെരിറ്റോണിയൽ ഡയാലിസിസ് പദ്ധതി വ്യാപിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ എന്നുള്ള കാര്യം കൂടി സൂചിപ്പിക്കുകയാണ്. നമ്മുടെ ഓരോ ആശുപത്രികളിലും

നൂറുകണക്കിന് രോഗികൾ ക്യൂ ലിസ്റ്റിൽ വരികയാണ്. ഇവരുടെ ആവശ്യം ഗുരുതരമായ സാഹചര്യം സൃഷ്ടിച്ചിരിക്കുന്നതിനാൽ ആയത് പരിഗണിച്ചുകൊണ്ട് ഗവൺമെന്റും ബഹുമാനപ്പെട്ട മന്ത്രിയും ഇക്കാര്യത്തിൽ ശക്തമായ നടപടികൾ സ്വീകരിക്കമെന്നാണ് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, ബഹുമാന്യനായ അംഗം പറഞ്ഞതുപോലെ സംസ്ഥാനത്തെ ജനങ്ങളുടെ ജീവിതശൈലിയിലുണ്ടായ കാതലായ മാറ്റത്തിനനുസൃതമായി ജീവിതശൈലീ രോഗങ്ങളും വർദ്ധിച്ചിട്ടുണ്ട്. വൃക്കരോഗികളുടെ എണ്ണത്തിൽ വലിയ വർദ്ധനവുണ്ടാകുന്നതു കാരണം ഡയാലിസിസ് ചെയ്യാൻ ആവശ്യമുള്ളവരുടെ എണ്ണവും വർദ്ധിക്കുന്നുണ്ട്. സംസ്ഥാനത്ത് ഹീമോഡയാലിസിസ്, പെരിറ്റോണിയൽ ഡയാലിസിസ് എന്നിങ്ങനെ രണ്ടു രീതിയിലാണ് ഡയാലിസിസ് ചെയ്യുന്നത്. സംസ്ഥാനത്തെ ഡി.എച്ച്.എസ്-നുകീഴിലുള്ള നൂറോളം സർക്കാർ ആശുപത്രികളിൽ ഹീമോ ഡയാലിസിസ് നടക്കുന്നുണ്ട്. ആർദ്രം മിഷന്റെ സ്റ്റാന്റേർഡൈസേഷൻ പ്രകാരം താലൂക്കുതല ആശുപത്രി

മുതലാണ് ഡയാലിസിസ് ആരംഭിക്കുന്നത്. ഈ വർഷം നിർമ്മാണത്തിലല്ലാത്തതും ഡയാലിസിസ് ആരംഭിച്ചിട്ടില്ലാത്തതുമായ എല്ലാ ആശുപത്രികളിലും 2024 ഡിസംബറോടുകൂടി ഡയാലിസിസ് ആരംഭിക്കാൻ കഴിയും. കൂടാതെ കിഫ്ബിയിലൂടെയും മറ്റും കെട്ടിടം നിർമ്മിക്കുന്ന ഇടങ്ങളിൽ 2025 പകുതിയോടെ ഡയാലിസിസ് ആരംഭിക്കുവാൻ കഴിയും. ഇപ്പോൾ സംസ്ഥാനത്ത് 55000-ലധികം സെക്ഷനുകളിലാണ് ഒരു മാസം ഡയാലിസിസ് നടക്കുന്നത്. മെഡിക്കൽ കോളേജുകളുടെയുൾപ്പെടെയുള്ള വിശദമായ വിവരങ്ങളുണ്ട്. അത് ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു[+].

തിരുവനന്തപുരം ശ്രീ അവിട്ടം തിരുനാൾ ആശുപത്രി (S.A.T.)-യിൽ കുട്ടികൾക്കുള്ള ഹീമോഡയാലിസിസ് നടക്കുന്നുണ്ട്. കാസർഗോഡ് പോലെയുള്ള ആവശ്യത്തിന് സൗകര്യങ്ങളില്ലാത്ത സ്ഥലങ്ങളിൽ സഞ്ചരിക്കുന്ന ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുന്നതിന് സംസ്ഥാന സർക്കാർ തീരുമാനിച്ചിട്ടുണ്ട്. സർക്കാർ ആദ്യമായാണ് സഞ്ചരിക്കുന്ന ഡയാലിസിസ് യൂണിറ്റ് നടത്തുന്നത്. തീർച്ചയായും വലിയ രീതിയിൽ എല്ലാ ജില്ലകളിലും അതിന്റെ പ്രയോജനം ലഭിക്കും. കൂടാതെ ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച

---
+ അനുബന്ധമായി ചേർക്കുന്നു.

പെരിറ്റോണിയൽ ഡയാലിസിസ് ഈ സർക്കാരിന്റെ കാലത്താണ് ആരംഭിച്ചത്. 14 ജില്ലകളിൽ ഇപ്പോൾ പെരിറ്റോണിയൽ ഡയാലിസിസ് ചെയ്യുന്നുണ്ടെങ്കിലും 640 രോഗികളേ ചെയ്യുന്നുള്ളൂ. അതിന് ഒരു ട്രെയിനിംഗും ആവശ്യമാണ്. കൂടുതൽ രോഗികൾക്ക് പെരിറ്റോണിയൽ ഡയാലിസിസ് സാധ്യമാക്കുന്നതിനുവേണ്ടി സർക്കാർ ശ്രമിക്കുന്നുണ്ട്. ഡയാലിസിന്റെ ചെലവ് കുറയ്ക്കുന്നതിന്റെ ഭാഗമായി കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിലുൾപ്പെടുത്തി അതിന് പിന്തുണ നൽകുന്നുണ്ട്. അതുകൂടാതെ തദ്ദേശസ്വയംഭരണ വകുപ്പിന്റെ കൃത്യമായ ഉത്തരവുകളുമുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതിവിഹിതം മാറ്റിവച്ചുകൊണ്ട് സർക്കാർ ആശുപത്രികളിലും സ്വകാര്യ ആശുപത്രികളിലും ഡയാലിസിസ് ചെയ്യുന്നവർക്ക് വേണ്ടിയുള്ള പിന്തുണ നൽകുന്നുണ്ട്. ബഹുമാനപ്പെട്ട അംഗം പറഞ്ഞ പ്രാധാന്യമുൾക്കൊണ്ടാണ് സംസ്ഥാനത്തെ താലൂക്കുതലം മുതലുള്ള എല്ലാ സർക്കാർ ആശുപത്രികളിലും ഡയാലിസിസ് യൂണിറ്റുകൾ ആരംഭിക്കുന്നതിന് സർക്കാർ ശ്രമിക്കുന്നത്.

## 4. ചാലക്കുടി റവന്യൂ ടവർ

ശ്രീ. സനീഷ്കുമാർ ജോസഫ്: സർ, ഉമ്മൻചാണ്ടിയുടെ നേതൃത്വത്തിലുള്ള യു.ഡി.എഫ്. സർക്കാരാണ് 2013-ൽ ചാലക്കുടിയടക്കം 12 പുതിയ താലൂക്കുകൾ അനുവദിച്ചത്. മുകുന്ദപുരം താലൂക്ക് വിഭജിച്ച് ചാലക്കുടി ആസ്ഥാനമായി പുതിയൊരു താലൂക്ക് 2014-ൽ നിലവിൽ വന്നു. 2016-17 സാമ്പത്തിക വർഷത്തെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ 25 റവന്യൂ ടവറുകളും മിനി സിവിൽ സ്റ്റേഷനുകളും കിഫ്ബിയുടെ അംഗീകാരത്തോടെ നടപ്പാക്കുമെന്ന് അന്നത്തെ ധനമന്ത്രി ഡോ. ടി. എം. തോമസ് ഐസക്ക് പ്രഖ്യാപിച്ചിരുന്നതിലൊന്നാണ് ചാലക്കുടി റവന്യൂ ടവർ. റവന്യൂ ടവർ നിർമ്മാണത്തിനായി 24.63 കോടി രൂപയുടെ ഭരണാനുമതി നൽകുകയും എസ്.പി.വി. ആയ ഭവന നിർമ്മാണ ബോർഡ് വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കി കിഫ്ബിയുടെ PFMS പോർട്ടൽ മുഖേന സമർപ്പിച്ചിട്ടുമുണ്ട്. ഈ താലൂക്കിന്റെ നിലവിലുള്ള അവസ്ഥ വളരെ ശോചനീയമാണ്. ചാലക്കുടി നഗരമധ്യത്തിലുള്ള ടൗൺ ഹാൾ വാണിജ്യ സമുച്ചയത്തിലെ നാലാം നിലയിൽ പരിമിതമായ സ്ഥലത്താണ് നിലവിൽ പ്രവർത്തിക്കുന്നത്. അവിടെ ടോയ്‌ലെറ്റ്

സൗകര്യങ്ങൾ പോലും പരിമിതമാണ്. ചാലക്കുടി പുഴയുമായി ബന്ധപ്പെട്ടുകൊണ്ട് ഉണ്ടാകുന്ന ദുരന്തനിവാരണ പ്രവർത്തനങ്ങളും അതുപോലെ മലക്കപ്പാറ ഉൾപ്പെടെയുള്ള ആദിവാസി സംഘവും തോട്ടം തൊഴിലാളികളും കർഷകരുൾപ്പെടെയുള്ള സാധാരണക്കാരും പട്ടയ ആവശ്യങ്ങൾക്ക് നിരന്തരമായി ബന്ധപ്പെടുന്ന ഒരു ഓഫീസാണിത്. നിരവധി തവണ ഈ സഭയിലും റവന്യൂ വകുപ്പിന് മുമ്പാകെയും ഈ വിഷയം ഉന്നയിച്ചിട്ടുള്ളതുമാണ്. അതിനാൽ കിഫ്ബിയുടെ അംഗീകാരത്തോടെയോ സർക്കാർ പണം അനുവദിച്ചോ ചാലക്കുടി റവന്യൂ ടവർ യാഥാർത്ഥ്യമാക്കണമെന്നാണ് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കാനുള്ളത്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, 2016-17-ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിലും മറുപടി പ്രസംഗത്തിലും 25 റവന്യൂ ടവർ മിനി സിവിൽ സ്റ്റേഷനുവേണ്ടി ആകെ 330 കോടി രൂപയുടെ പ്രഖ്യാപനമാണ് ഉണ്ടായിരുന്നത്. ചാലക്കുടിയിൽ റവന്യൂ ടവർ നിർമ്മാണത്തിനായി 10-11-2023-ലെ സർക്കാർ ഉത്തരവുപ്രകാരം 24.63 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകിയിട്ടുള്ളതാണ്. പദ്ധതിയുടെ

വിശദമായ പദ്ധതി റിപ്പോർട്ട് പദ്ധതി നിർവ്വഹണ ഏജൻസിയായ എസ്.പി.വി. ഭവന നിർമ്മാണ ബോർഡ് കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. എന്നാൽ കേന്ദ്ര സർക്കാർ സംസ്ഥാനത്തിനുമേൽ കൊണ്ടുവന്ന സാമ്പത്തിക നിയന്ത്രണം കാരണം പ്രധാനപ്പെട്ട അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്ക് മാത്രം മുൻഗണന കൊടുക്കേണ്ടി വന്നതിനാൽ പ്രസ്തുത പദ്ധതിക്ക് കിഫ്ബിയുടെ ധനാനുമതി നൽകുന്നത് സംബന്ധിച്ച നടപടികൾ തൽക്കാലത്തേയ്ക്ക് മാറ്റിവച്ചിരിക്കുകയാണ്. ഇത് പിന്നീട് പരിശോധിക്കുന്നതാണ്.

5. തൃക്കുന്നപ്പുഴ – ആറാട്ടുപുഴ പഞ്ചായത്തുകളിൽ കടലാക്രമണം

ശ്രീ. രമേശ് ചെന്നിത്തല: സർ, എന്റെ നിയോജകമണ്ഡലത്തിലെ തൃക്കുന്നപ്പുഴ-ആറാട്ടുപുഴ എന്നീ രണ്ട് പഞ്ചായത്തുകളിലെ അതിഗുരുതരമായ കടൽക്ഷോഭത്തെപ്പറ്റി നിരവധിതവണ ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രിയുടെ മുമ്പിൽ ഉന്നയിച്ചിട്ടുള്ള കാര്യമാണ്. കാലാവസ്ഥാ മുന്നറിയിപ്പ് കാരണം മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനത്തിന് പോകാൻ കഴിയാത്തതിനാൽ അവർ പട്ടിണിയിലാണ്. ഇപ്പോൾ കിട്ടുന്നത് ചെമ്മീനാണ്.

അന്താരാഷ്ട്ര വിപണിയിൽ ചെമ്മീന് മാർക്കറ്റില്ലാത്തതിനാൽ അത് വിൽക്കാൻ പോലും കഴിയുന്നില്ല. അങ്ങനെ പട്ടിണിയും പരിവട്ടവുമായി കഴിയുന്നതിനിടയിലാണ് രണ്ടുതവണയായി കള്ളക്കടൽ വന്ന് ഈ പ്രദേശം മുഴവൻ തകർക്കുന്ന നിലയിൽ കടലാക്രമണ ഭീഷണിയുണ്ടാകുന്നത്. ഈ പ്രശ്നം പരിഹരിക്കുന്നതിനായി അടിയന്തരമായി തൃക്കുന്നപ്പുഴ പഞ്ചായത്തിലെ പാനൂർ, തോപ്പിൽ, തൈമൂല, ചേലക്കാട്, പതിയാങ്കര, പള്ളിപ്പാട്മുറി, കുമാരകോടി എന്നീ സ്ഥലങ്ങളിൽ 4.1 മീറ്റർ ദൂരത്തിൽ 102.80 കോടി രൂപയുടെയും ആറാട്ടുപുഴ, വലിയഴീക്കൽ, പെരുമ്പള്ളി, മംഗലം എന്നീ സ്ഥലങ്ങളിൽ 96.40 കോടി രൂപയുടെയും ടെട്രാ പോഡ് നിർമ്മാണത്തിനായി പ്രോജക്ടുകൾ തയ്യാറാക്കി ലോക ബാങ്കിന് സമർപ്പിച്ചതാണ്. ലോക ബാങ്കിന്റെ പ്രതിനിധികൾ വന്ന് ഈ പ്രദേശം കണ്ടെങ്കിലും ഇതുവരെയും യാതൊരു നടപടിയും ഉണ്ടായിട്ടില്ല. കായംകുളം കായലും അതോടൊപ്പം അറബിക്കടലിനും ഇടയ്ക്ക് കിടക്കുന്ന ഒരു സ്ട്രിപ്പ് പോലെയുള്ള ഭാഗമാണിത്. ഇതു തുടർന്നാൽ രണ്ട് പഞ്ചായത്തുകൾ നഷ്ടപ്പെട്ടുപോകുമെന്ന സ്ഥിതിയാണുള്ളത്.

അതിനാൽ ബഹുമാനപ്പെട്ട ജലസേചന വകുപ്പുമന്ത്രി ഈ കാര്യത്തിൽ അടിയന്തരനടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചകാര്യം വളരെ ഗൗരവത്തോടെയാണ് കണ്ടിട്ടുള്ളത്. ഹരിപ്പാട് മണ്ഡലത്തിൽ വലിയഴീക്കൽ, തറയിൽക്കടവ്, പെരുമ്പള്ളി, ആറാട്ടുപുഴ ജംഗ്ഷൻ മുതൽ മംഗലം വരെയുള്ള ഭാഗങ്ങളിലാണ് രൂക്ഷമായ കടലാക്രമണ ഭീഷണി നേരിടുന്നത്. ഈ പ്രദേശങ്ങളിലെ കടലാക്രമണ ഭീഷണി നേരിടുന്നതിനായി കടലാക്രമണ പ്രതിരോധ പ്രവൃത്തികൾ, 7 കടലാക്രമണ പ്രതിരോധ പ്രവൃത്തികൾക്ക് 142.96 ലക്ഷം രൂപയുടെ അനുമതി നൽകിയിട്ടുണ്ട്. വലിയഴീക്കൽ, ആറാട്ടുപുഴ, തൃക്കുന്നപ്പുഴ എന്നിവിടങ്ങളിൽ ഈ പ്രവൃത്തി നടന്നുവരുന്നു. ആലപ്പുഴ ജില്ലയിലെ ഹരിപ്പാട് നിയോജകമണ്ഡലത്തിൽ കിഫ്ബി ധനസഹായത്തോടുകൂടി വട്ടച്ചാൽ, പതിയാങ്കര, ആറാട്ടുപുഴ, നെല്ലാനിക്കൽ എന്നീ പ്രദേശങ്ങളിലായി 4.5 കിലോ മീറ്റർ നീളത്തിൽ 87.68 കോടി രൂപയുടെ 50 പുലിമുട്ടുകളുടെ പ്രവൃത്തികളാണ് നിലവിൽ കെ.ഐ.ഐ.ഡി.സി. (KIIDC) മുഖേന നടപ്പാക്കി വരുന്നത്.

ഇവയിൽ 37 എണ്ണം പൂർത്തീകരിക്കുകയും ബാക്കി 13 എണ്ണത്തിന്റെ പ്രവൃത്തികൾ പുരോഗമിച്ചുവരികയുമാണ്. കൂടാതെ ആലപ്പുഴ രണ്ടാംഘട്ട പദ്ധതിയിൽ നെല്ലാനിക്കൽ ഭാഗത്ത് 473 മീറ്റർ നീളത്തിൽ 3 പുലിമുട്ടുകളാണ് ഉൾപ്പെടുന്നത്. ചെന്നൈ ഐ.ഐ.ടി.-യെക്കൊണ്ട് പഠനം നടത്തി, അവർ നൽകിയ ഡിസൈൻ അനുസരിച്ച് ടി പ്രവൃത്തി ടെണ്ടർ ചെയ്യുകയും കരാർ നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. ടെട്രാപോഡ് കാസ്റ്റിംഗ് പൂർത്തീകരിച്ചിട്ടുണ്ട്. പ്രവൃത്തി ആരംഭിക്കുന്നതിന് മുമ്പായി നടന്ന ബാത്തിമെട്രി പരിശോധനയിൽ ആഴത്തിന്റെ വ്യതിയാനം കണ്ടെത്തിയതിനാൽ കിഫ്ബിയുടെ നിർദ്ദേശാനുസരണം വീണ്ടും ചെന്നൈ ഐ.ഐ.ടി.-യെക്കൊണ്ട് പഠനം നടത്തുകയും പുതിയ ഡിസൈൻ ആവശ്യപ്പെടുകയുമുണ്ടായി. പുതിയ ഡിസൈൻ അനുസരിച്ച് നെല്ലാനിക്കൽ ഭാഗത്ത് 4 പുലിമുട്ടുകൾ ഉൾപ്പെടുന്ന പുതുക്കിയ എസ്റ്റിമേറ്റ് കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്. അത് എത്രയും പെട്ടെന്ന് ലഭ്യമാക്കാനായി ശ്രമിക്കാം. കൂടാതെ കടലാക്രമണ ഭീഷണി നേരിടുന്ന പ്രദേശങ്ങളിൽ അടിയന്തരമായി ജിയോ ബാഗ് ഉപയോഗിച്ച് സംരക്ഷിക്കുന്നതിന് പ്രൊപ്പോസലുകൾ തയ്യാറാക്കിയിട്ടുണ്ട്.

ഇതുകൂടാതെ കല്ലുപയോഗിച്ചുള്ള സംരക്ഷണഭിത്തിയുടെ തകർന്നുപോയഭാഗം പുനർനിർമ്മിക്കുന്നതിനായും പ്രൊപ്പോസലുകൾ തയ്യാറാക്കിയിട്ടുണ്ട്. ടി പ്രവൃത്തികൾക്ക് സാമ്പത്തിക ഭദ്രത ഉറപ്പുവരുത്തേണ്ട നില നമുക്കുണ്ടെങ്കിൽപ്പോലും പെട്ടെന്ന് ഇത്തരം കാര്യങ്ങൾ ചെയ്യുന്നതിന് ആവശ്യമായ സമയങ്ങളിലൊക്കെ എന്നെ വിളിക്കുമ്പോഴും കഴിയുന്നത്ര സഹായം പൂർണ്ണമായും ചെയ്തിട്ടുണ്ട്. വേൾഡ് ബാങ്ക് പ്രോഗ്രാം ഫോർ റിസൾട്ട് എന്ന പദ്ധതിയുടെ കീഴിൽ Additional Financing-ൽ വരുന്ന വിവിധ Disbursement linked indicator (DLI)-കളിൽ DLI-10-ന്റെ കീഴിലാണ് തീരസംരക്ഷണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത്. DLI-10 ന്റെ പ്രധാന ലക്ഷ്യം സംസ്ഥാനത്തിന് ഒരു ദീർഘകാല തീരദേശ മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കുക എന്നുള്ളതാണ്. ടി പ്ലാനിന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ മാത്രമേ ഈ പദ്ധതിയിൽ തീരസംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ കഴിയൂ. നിലവിൽ തീരദേശ മാനേജ്മെന്റ് പ്ലാൻ രൂപീകരണം ആരംഭിക്കുന്നതിനുള്ള നടപടികൾ വേഗത്തിൽ പുരോഗമിച്ചുവരികയാണ്. തീരദേശത്ത് പൊതുവെ ബാധിക്കുന്ന പൊതുവായ വിഷയങ്ങൾ കൂടുതൽ

ത്രക്ഷമായ ഒരു പ്രദേശമാണ് ഈ മണ്ഡലമെന്നുള്ളത് അറിയാം. എന്നാൽ കഴിയുന്നത്ര നിലയിലുള്ള എല്ലാ സഹായവും ഉണ്ടാകും.

## 6. ജലവിതരണ പദ്ധതി

ശ്രീമതി ഒ. എസ്. അംബിക: സർ, വാമനപുരം നദിയിലെ ജലവിതരണ പദ്ധതികൾ പൂർണ്ണമായും നദിയിലെ ഒഴുക്കിനെ മാത്രം ആശ്രയിച്ചാണ് നിലനിൽക്കുന്നത്. ചിറയിൻകീഴ്, നെടുമങ്ങാട്, വർക്കല, കാട്ടാക്കട താലൂക്കുകളിലായി ആറ്റിങ്ങൽ, വർക്കല, ചിറയിൻകീഴ്, വാമനപുരം, അരുവിക്കര നിയോജകമണ്ഡലത്തിലായി ലക്ഷത്തിലധികം കണക്ഷനുകളാണ് നിലവിലുള്ളത്. കഴിഞ്ഞ വേനലിൽ കടുത്ത ജലക്ഷാമത്തെയാണ് ഈ പ്രദേശം നേരിട്ടത്. പലയിടത്തും ദിവസങ്ങളോളം വെള്ളം മുടങ്ങുന്ന സാഹചര്യമുണ്ടായി. ഈ അവസ്ഥ ഇനിയും ഉണ്ടാകാതിരിക്കാനും വർഷം മുഴുവൻ ജല ലഭ്യത ഉറപ്പാക്കാനുമായി ഒരു 10 MLD പ്ലാന്റിന് ഒരു തടയണ എന്ന നിലയിൽ നിർമ്മിക്കുകയോ നദിയിലെ പ്രശ്നത്തിന് ശാശ്വതമായ പരിഹാരമെന്ന നിലയിൽ ഒരു അണക്കെട്ട് നിർമ്മിക്കുകയോ വേണമെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, വളരെ പ്രധാനപ്പെട്ടൊരു കാര്യമാണ് എം.എൽ.എ. ഇവിടെ സൂചിപ്പിച്ചിട്ടുള്ളത്. തിരുവനന്തപുരം ജില്ലയുടെ വടക്കുഭാഗത്തുള്ള പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും ശുദ്ധജല വിതരണത്തിനായി കേരള ജല അതോറിറ്റി മുഖ്യമായി ആശ്രയിക്കുന്നത് വാമനപുരം നദിയെയാണ്. വാമനപുരം നദി സ്രോതസ്സായി നിലവിൽ 41 പദ്ധതികൾ പ്രവർത്തിക്കുന്നുണ്ട്. അതിലേയ്ക്കായി 129.21 ദശലക്ഷം ലിറ്റർ ജലമാണ് ആവശ്യമായിട്ടുള്ളത്. കൂടാതെ വാമനപുരം നദി സ്രോതസ്സായി മേൽപ്പടി പദ്ധതികൂടി വിഭാവനം ചെയ്ത് നടപ്പിലാക്കിവരുന്നു. അതിലേയ്ക്കായി പ്രതിദിനം 108.5 ദശലക്ഷം ലിറ്റർ ജലം ആവശ്യമാണ്. ആയതുപ്രകാരം വാമനപുരം നദിയിൽനിന്നും വിവിധ ശുദ്ധജലവിതരണ പദ്ധതികൾക്കായി പ്രതിദിനം 237.71 ദശലക്ഷം ലിറ്റർ ജലം ആവശ്യമാണ്.

എന്നാൽ വേനൽ സമയത്ത് നദിയിൽ നിന്നുള്ള ജല ലഭ്യതയിൽ കുറവ് വരുന്നതുമൂലം വിവിധ പദ്ധതികളിൽ നിന്നുമുള്ള ജലവിതരണം പൂർണ്ണമായോ ഭാഗികമായോ തടസ്സപ്പെടാറുണ്ട്. മാത്രമല്ല വാമനപുരം നദിയിൽ നിലവിൽ

ഡാം/റിസർവോയർ ഇല്ലാത്തത് വേനൽക്കാലത്ത് ജലലഭ്യത ക്രമീകരിക്കുവാൻ തടസ്സമായി അനുഭവപ്പെടുന്നു. വരൾച്ചാ സമയത്ത് ജല ലഭ്യത ഉറപ്പുവരുത്തുന്നതിനായി വാമനപുരം നദിയിൽ വിവിധ സ്ഥലങ്ങളിൽ താൽക്കാലിക തടയണകൾ നിർമ്മിക്കാറുണ്ട്.

നിലവിൽ പൂവൻപാറയിൽ 1.5 മീറ്റർ ഉയരത്തിൽ ഒരു തടയണ നിർമ്മിച്ചിട്ടുണ്ട്. വാമനപുരം നദിയിലെ ജലനിരപ്പ് താഴുമ്പോൾ അതിന് മുകളിലായി 1 മീറ്റർ ഉയരത്തിൽ താൽക്കാലിക തടയണ നിർമ്മിക്കാറുണ്ട്. കൂടാതെ കാരേറ്റിൽ 1.2 മീറ്റർ പൊക്കത്തിൽ താൽക്കാലിക തടയണയും അരുവിപ്പുറത്ത് 1 മീറ്റർ പൊക്കത്തിൽ താൽക്കാലിക ബണ്ടും നിർമ്മിക്കാറുണ്ട്.

സ്രോതസ്സുകളിലെ ജലലഭ്യത വർദ്ധിപ്പിക്കുന്നതിനായി സ്ഥിരമായ തടയണകൾ നിർമ്മിക്കുന്നതിന്റെ ഭാഗമായി ജല അതോറിറ്റി കൊല്ലംപുഴ സുബ്രഹ്മണ്യൻ കോവിലിനടുത്തായി വാമനപുരം നദിക്ക് കുറുകെ റെഗുലേറ്റർ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ വാമനപുരം നദിയിൽ അരുവിപ്പുറം പാലത്തിന് സമീപത്തായി ഒരു ചെക്ക് ഡാം

പണിയുന്നതിന് ജൽജീവൻ മിഷനിൽ ഭരണാനുമതി നൽകുകയും, പ്രസ്തുത പദ്ധതി നടപ്പിലാക്കുവാൻ നടപടി സ്വീകരിച്ചുവരികയും ചെയ്യുന്നു.

കൂടാതെ മഴക്കാലത്ത് ലഭ്യമാകുന്ന ജലം പരമാവധി ശേഖരിച്ച് വാമനപുരം നദിയിലെ ജലവിതരണ പദ്ധതികൾക്ക് ജലലഭ്യത ഉറപ്പുവരുത്തുന്നതിലേയ്ക്കായി ജലസേചന വകുപ്പും, കേരള ജല അതോറിറ്റിയും സംയുക്തമായി സ്ഥലസന്ദർശനം നടത്തി. വാവുപുരയ്ക്ക് സമീപം എഴുപേർതനക്കയം പമ്പ് ഹൗസ്, ആനാകുടി, അയിലം, പൂഴവൂർ പുഴക്കടവ്, എന്നീ സ്ഥലങ്ങളിൽ ചെക്ക് ഡാം നിർമ്മിക്കുന്നതിനുള്ള സാധ്യത പരിശോധിക്കുകയും പ്രവൃത്തികളുടെ ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇക്കാര്യങ്ങൾ എന്താണെന്നുള്ളതിനെ സംബന്ധിച്ച് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരിഗണിക്കുന്നതായിരിക്കും.

## 7. കൈത്തറി സംഘങ്ങൾക്ക് നൂൽ ലഭ്യമാക്കൽ

ശ്രീ. സി. കെ. ഹരീന്ദ്രൻ: സർ, രാവിലെ അങ്ങയുടെ ചോദ്യോത്തര വേളയിൽ ഒരു ചോദ്യത്തിന് മറുപടി പറഞ്ഞത് ഞാൻ ശ്രദ്ധിച്ചിരുന്നു. അക്കാര്യം ഉൾപ്പെടെ ഒന്നുരണ്ട് പ്രധാനപ്പെട്ട കാര്യംകൂടി ഈ സബ്മിഷനിൽ

ഞാൻ ഉൾപ്പെടുത്തിയിട്ടുണ്ട്. തകർച്ചയുടെ വക്കിലായിരുന്ന കൈത്തറി വ്യവസായത്തെ സംരക്ഷിക്കുന്നതിനായി ഒന്നാം പിണറായി സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതിയായിരുന്നു 'കൈത്തറി സ്കൂൾ യൂണിഫോം' പദ്ധതി. ആരംഭ സമയത്ത് നല്ല രീതിയിൽ നടന്ന ഈ പദ്ധതിയെ എല്ലാവരും പ്രശംസിക്കുകയും അതിൽ സഹകരിക്കുകയും ചെയ്തു. എന്നാൽ ഇപ്പോൾ വളരെ പരിതാപകരായ അവസ്ഥയാണുള്ളത്. പതിനയ്യായിരം രൂപ തൊഴിലാളിക്ക് പ്രതിമാസം വേതനം നൽകുമെന്ന് ഉറപ്പുവരുത്തുകയെന്ന ലക്ഷ്യത്തോടെ നടപ്പിലാക്കിയ പദ്ധതി ഇപ്പോൾ പ്രതിദിനം 200-250 രൂപയായി പരിമിതപ്പെടുത്തിയിരിക്കുന്നു. വിദ്യാഭ്യാസ വകുപ്പിൽനിന്നും 48 ലക്ഷം മീറ്റർ തുണികൾക്കുള്ള ഓർഡർ മാത്രമെ ലഭിക്കുന്നുള്ളുവെന്നാണ് അറിയുന്നത്. പദ്ധതി വിഭാവനം ചെയ്തതുപോലെ ഗവൺമെന്റ് എയ്ഡഡ് സ്കൂളുകളിലെ 7-ാം ക്ലാസ്സ് വരെയും സൗജന്യ യൂണിഫോം വിതരണം ചെയ്താൽ 72 ലക്ഷം മീറ്റർ തുണി ആവശ്യമാണ്. ഇത്രയും മീറ്റർ തുണി നെയ്തെടുക്കാൻ സാധിച്ചാൽ പദ്ധതി പൂർണ്ണ രൂപത്തിൽ വിജയകരമാകുന്നതാണ്. തൊഴിലാളികൾക്ക് മുടക്കമില്ലാതെ ജോലിയും കൂലിയും ലഭിക്കുകയും ചെയ്യുന്നതാണ്. ബഡ്ജറ്റിൽ

വിഭാവനം ചെയ്തതുപോലെ 140 കോടി രൂപ ഇതിനായി നീക്കിവച്ചാൽ അത് പാവപ്പെട്ട കൈത്തറി, നെയ്ത്ത് തൊഴിലാളികൾക്ക് ജീവിത മാർഗ്ഗമാകുന്നതാണ്. അതിനാൽ പദ്ധതി നടപ്പിലാക്കുന്നതിന് 72 ലക്ഷം മീറ്റർ തുണിയും ഉൽപ്പാദിപ്പിക്കുന്നതിന് ഉത്തരവ് നൽകണമെന്ന് അഭ്യർത്ഥിക്കുന്നു. കൂടാതെ പല സംഘങ്ങളും പ്രവർത്തന മൂലധനമില്ലാതെ പ്രതിസന്ധിയിലാണ്. പുനർ വായ്പ സമ്പ്രദായം നടപ്പിലാക്കിയിട്ടില്ല. കുറഞ്ഞ പലിശയായതുകൊണ്ട് സംഘങ്ങൾക്ക് ആശ്വാസമാകും. തിരുവനന്തപുരം ജില്ലയിൽ നൂലിന്റെയും മറ്റ് അസംസ്കൃത വസ്തുക്കളുടെയും ക്ഷാമം വലിയ തോതിലാണ് അനുഭവപ്പെടുന്നത്. പരമ്പരാഗത ഉൽപ്പന്നങ്ങൾ നെയ്യുന്ന സംഘങ്ങൾ നേരിടുന്ന മറ്റൊരു വെല്ലുവിളി മൂലധനത്തിന്റെ അഭാവമാണ്. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ യോജിച്ച് നടപ്പിലാക്കിയ പദ്ധതിയായിരുന്നു 'ആർ.ആർ.ആർ.പാക്കേജ്'. ഈ പദ്ധതി പ്രകാരമുള്ള നാല് ശതമാനം പലിശനിരക്കിലുള്ള വായ്പ തിരുവനന്തപുരം ജില്ലയിൽ സംഘങ്ങൾക്ക് ലഭിച്ചിട്ടില്ല. ഇതിനുവേണ്ട നടപടി സ്വീകരിക്കണം. കൈത്തറി ഉൽപ്പന്നങ്ങളുടെ കളറിംഗ് പ്രോസസ്സിനുവേണ്ടി ഇപ്പോൾ ഈറോഡ് എന്ന സ്ഥലത്താണ് കൊണ്ടുപോകുന്നത്. ബാലരാമപുരത്ത് അതിനുള്ള എല്ലാ

സംവിധാനങ്ങളുമുണ്ട്. അവിടെ കളറിംഗ് പ്രോസസ്സിംഗ് യൂണിറ്റിന്റെ പ്രവർത്തനമാരംഭിക്കാൻ നടപടി സ്വീകരിച്ച് തിരുവനന്തപുരം ജില്ലയിലെ കൈത്തറി മേഖലയെ ലാഭകരമാക്കാൻ സഹായിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ബഹുമാനപ്പെട്ട അംഗം നൽകിയിട്ടുള്ള വിഷയം നൂൽ വിതരണത്തിലുണ്ടാകുന്ന ക്ഷാമവുമായി ബന്ധപ്പെട്ടതാണ്. പല വിഷയങ്ങളും അദ്ദേഹം സബ്മിഷന്റെ ഭാഗമായി ഉന്നയിച്ചിട്ടുണ്ട്. അതിലെ 'കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി' പരിതാപകരമാണെന്ന പ്രസ്താവന കൂലി ലഭിക്കുന്നതുമായി ബന്ധപ്പെട്ട് നടത്തിയിട്ടുള്ളതാണെങ്കിൽപോലും അത് ശരിയായ രീതിയിലുള്ളതല്ല. കഴിഞ്ഞ ഗവൺമെന്റിന്റെ സമയത്തുള്ള ടി പദ്ധതി ശരിയായ രൂപത്തിൽ തുടരുന്നുണ്ട്. അത് സമയബന്ധിതമായി സ്കൂൾ തുറക്കുന്നതിനുമുമ്പ് നമുക്ക് വിതരണം ചെയ്യാൻ സാധിക്കുന്നുണ്ടെന്നത് അഭിമാനകരം തന്നെയാണ്. കൂലി കൊടുക്കുന്നതിന് കുറച്ച് ബാക്കിയുണ്ടെന്ന് ചോദ്യോത്തര വേളയിൽതന്നെ വ്യക്തമാക്കിയിരുന്നു. അത് കൊടുക്കാനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരികയാണ്. നൂലിന്റെ അളവ് തിട്ടപ്പെടുത്തി യാൺ പർച്ചേസ്

കമ്മിറ്റികൂടി സ്പിന്നിംഗ് മില്ലുകൾക്ക് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. സ്പിന്നിംഗ് മില്ലുകൾ യഥാസമയം യാൺ ബാങ്കുകളിൽ ലഭിക്കുന്ന ഇൻഡന്റ് അനുസരിച്ച് നൂൽ തടസ്സം കൂടാതെ വിതരണം ചെയ്യുന്നുണ്ട്. അതോടൊപ്പം 'കൈത്തറി യൂണിഫോം പദ്ധതിക്ക് പുറമെ കൈത്തറി സംഘങ്ങൾ ഉൽപ്പാദിപ്പിക്കുന്ന മറ്റ് ഉൽപ്പന്നങ്ങൾക്കാവശ്യമായ നൂൽ അതത് സംഘങ്ങൾ യാൺ ബാങ്കുകൾ മുഖേന നേരിട്ടാണ് വാങ്ങിവരുന്നത്. യാൺ ബാങ്കുകളുടെ നൂൽ ക്ഷാമം പരിഹരിക്കുന്നതിന് നാഷണൽ ഹാൻഡ്ലൂം ഡെവലപ്മെന്റ് കോർപ്പറേഷൻനിന്നും കേരളത്തിലെ സഹകരണ മേഖലയിലെ മില്ലുകളിൽനിന്നും ന്യായമായ വിലയ്ക്ക് നൂൽ സംഭരിക്കുന്നതിനുവേണ്ടി ഒറ്റത്തവണ ധനസഹായമായി ഒരു കോടി രൂപ അനുവദിച്ചുനൽകിയിട്ടുണ്ട്. ഇതോടൊപ്പം അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കുന്നതിന് സബ്സിഡിയായി ഈ സാമ്പത്തിക വർഷം 75 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. അതിൽ 52,99,637 രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. ഹാന്റക്സ്, ഹാൻവീവ് മറ്റ് 6 യാൺ ബാങ്കുകൾ എന്നിവയ്ക്ക് നൂൽ, മറ്റ് അസംസ്കൃത വസ്തുക്കൾ എന്നിവ വാങ്ങി പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങൾക്ക് വിതരണം ചെയ്യുന്നതിന്

പ്രവർത്തന മൂലധനമായി മാർജിൻമണി ലോൺ അനുവദിക്കുന്നതിന് 2023-24 സാമ്പത്തിക വർഷം 52.50 ലക്ഷം രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്. ഈ സാമ്പത്തിക വർഷം ഒന്നരകോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഡൈയിംഗിന്റെ കാര്യത്തിൽ, ബഹുമാനപ്പെട്ട അംഗം ബാലരാമപുരത്തിന്റെ കാര്യം പറഞ്ഞു. നമ്മളിപ്പോൾ നാട്ടുകാണിയിലുള്ള കൈത്തറി ഗ്രാമത്തിൽ അതിനാവശ്യമായ സൗകര്യം ഏർപ്പെടുത്താനാണ് ശ്രമിക്കുന്നത്.

8. ദേവികുളത്ത് ലൈഫ് ഫ്ലാറ്റ് സമുച്ചയം അനുവദിക്കൽ

ശ്രീ. എ. രാജ: സർ, ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള ദേവികുളം താലൂക്കിലെ തോട്ടം മേഖലയിലെ വിവിധ പഞ്ചായത്തുകളിലെ കൂടുതൽ ഗുണഭോക്താക്കൾക്ക് വീടുകൾ നിർമ്മിച്ചു നൽകണമെന്നാണ് എന്റെ സബ്മിഷനിലെ ആവശ്യം. സർക്കാരിന്റെ അഭിമാന പദ്ധതിയായ ലൈഫ് മിഷൻ ഭവന പദ്ധതിയിലൂടെ എന്റെ നിയോജകമണ്ഡലത്തിൽ ഗുണഭോക്താക്കളായി ഇപ്പോൾതന്നെ പതിനയ്യായിരത്തോളം ആളുകളാണുള്ളത്. അതിൽ നാലായിരത്തി എണ്ണൂറോളം കുടുംബങ്ങൾക്ക് പദ്ധതിയിലൂടെ വീട് നിർമ്മിച്ചു നൽകുകയും ചെയ്തു. എന്നാൽ എന്റെ

മണ്ഡലത്തിലെ ചില പഞ്ചായത്തുകളിൽ പ്രത്യേകിച്ച്, തോട്ടം മേഖലയിലെ ചിന്നക്കനാൽ, ദേവികുളം, മൂന്നാർ, പള്ളിവാസൽ പഞ്ചായത്തുകളിൽ ഭൂരഹിത ഭവനരഹിത ഗുണഭോക്താക്കളുടെ എണ്ണം വളരെ കൂടുതലാണ്. നിലവിൽ വീട് അനുവദിച്ചവരുടെ എണ്ണം വളരെ കുറവുമാണ്. തോട്ടം മേഖലയായതിനാൽ സ്വന്തമായി ഭൂമിയില്ലാത്തവരാണ് കൂടുതൽ ഗുണഭോക്താക്കളും. നിലവിലെ ഗുണഭോക്താക്കളുടെ ലിസ്റ്റ് അടിസ്ഥാനത്തിൽ മാനദണ്ഡങ്ങൾ പാലിച്ച് മുൻഗണന പ്രകാരം വീട് അനുവദിക്കുന്നതിന് പ്രധാന തടസ്സം സ്ഥലം കണ്ടെത്താത്തതിലെ ബുദ്ധിമുട്ടാണ്. കൂടുതൽ ആളുകൾക്ക് വീട് ലഭിക്കണമെങ്കിൽ, ഫ്ലാറ്റ് മോഡലിൽ വീട് നിർമ്മിക്കുകയാണെങ്കിൽ കൂടുതൽ കുടുംബങ്ങൾക്ക് ഗുണം ലഭിക്കുകയും ചെയ്യും. ആയതിനാൽ ഈ മാതൃകയിൽ വീട് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നാണ് എന്റെ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, മൂന്നാർ ഗ്രാമപഞ്ചായത്തിലെ ലൈഫ് ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള 3509 ഭൂരഹിത ഭവനരഹിതരിൽ 97

ഗുണഭോക്താക്കൾക്കും ദേവികുളം ഗ്രാമപഞ്ചായത്തിലെ 3160 ഗുണഭോക്താക്കളിൽ 159 ഗുണഭോക്താക്കൾക്കും പള്ളിവാസൽ ഗ്രാമപഞ്ചായത്തിലെ 566 ഗുണഭോക്താക്കളിൽ 25 പേർക്കും ലൈഫ് ഭവന പദ്ധതിയുടെ ഭാഗമായി ഭൂമി ലഭ്യമാക്കിയിട്ടുണ്ട്. ഭൂമി ലഭ്യമായിട്ടുള്ള ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിനുള്ള ധനസഹായം അനുവദിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. ഇടുക്കി ജില്ലയിലെ തേയിലത്തോട്ടം മേഖലകളിൽ ഭവന നിർമ്മാണത്തിന് അനുയോജ്യമായ ഭൂമി കണ്ടെത്തുകയെന്നത് ഏറെ ശ്രമകരമാണ്. ഭൂരഹിത-ഭവനരഹിതരുടെ പുനരധിവാസത്തിനായി സർക്കാർ ആവിഷ്കരിച്ച 'മനസ്സോടിത്തിരി മണ്ണ്' ക്യാമ്പയിനിലൂടെ ഭൂമി കണ്ടെത്തി ലൈഫ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള തോട്ടം മേഖലയിലെ ഗുണഭോക്താക്കൾക്ക് നൽകുന്നതിനുള്ള ഊർജ്ജിത ശ്രമവും വകുപ്പിന്റെ നേതൃത്വത്തിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയും സ്വീകരിച്ചുവരുന്നു. ഇതിന്റെ ഭാഗമായി തോട്ടം മേഖലയിൽ ഭവന നിർമ്മാണത്തിന് അനുയോജ്യമായ സർക്കാർ പുറമ്പോക്ക് ഭൂമി കണ്ടെത്തുന്നതിനുള്ള ശ്രമങ്ങളും നടന്നുവരികയാണ്. തോട്ടം മേഖലയിലെ

ഭൂരഹിത-ഭവനരഹിതരുടെ പുനരധിവാസത്തിനായി ഭവന സമുച്ചയങ്ങളുടെ നിർമ്മാണം നിലവിൽ ലൈഫ് മിഷൻ മുഖേന ഏറ്റെടുത്തിട്ടില്ല. എന്നാൽ മൂന്നാർ, ദേവികുളം, പള്ളിവാസൽ എന്നീ ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിലെ തോട്ടം മേഖലകളിൽ താമസിക്കുന്ന ലൈഫ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവർക്ക് തോട്ടം മേഖലയിൽതന്നെ ഭവനം നിർമ്മിക്കുന്നതിന് അനുയോജ്യമായ ഭൂമി കണ്ടെത്തുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പുസെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ബന്ധപ്പെട്ട വകുപ്പുകളുടെ യോഗം 03-12-2021, 07-01-2022 എന്നീ തീയതികളിൽ ചേർന്നിരുന്നു. പ്രസ്തുത യോഗത്തിൽ തോട്ടം മേഖലകളിലെ തൊഴിലാളി കുടുംബങ്ങൾക്ക് ഭൂമി ലഭ്യമാക്കുന്നതിനായി തോട്ടം ഉടമകളിൽനിന്നും ഭൂമി സറണ്ടർ ചെയ്ത് ലഭിക്കുന്നതിനുള്ള സാധ്യത പരിശോധിക്കാൻ ലേബർ കമ്മീഷണറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. തോട്ടം മേഖലകളിലെ തൊഴിലാളി കുടുംബങ്ങളുടെ പുനരധിവാസം നിലവിൽ തൊഴിലും നൈപുണ്യവും വകുപ്പിന്റെ സഹകരണത്തോടെ ഉറപ്പാക്കുന്നതിന് സാധ്യമായ നടപടികൾ സർക്കാർ സ്വീകരിച്ചു വരികയാണ്.

9. <u>ചിറ്റാരി കണ്ടിവാതുക്കൽ റോഡ് നിർമ്മാണം</u>

<u>ശ്രീ. ഇ. കെ. വിജയൻ</u>: സർ, നാദാപുരം മണ്ഡലത്തിലെ മലയോര മേഖലയായ വാണിമേൽ, ചെക്യാട് ഗ്രാമപഞ്ചായത്തുകളിലെ ചിറ്റാരി കണ്ടിവാതുക്കൽ റോഡിന് ട്രൈബൽ ഡിപ്പാർട്ട്മെന്റ് 2015-16 വാർഷിക പദ്ധതിയിൽപ്പെടുത്തി 2.42 കോടി രൂപ അനുവദിച്ചിരുന്നു. എന്നാൽ പ്രവൃത്തി ഏറ്റെടുത്ത കൺസ്ട്രക്ഷൻ കോർപ്പറേഷൻ ഓഫ് കേരള എന്ന സ്ഥാപനത്തിന് യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാൻ കഴിഞ്ഞില്ല. അതുകൊണ്ട് പ്രവൃത്തി പൂർത്തീകരിക്കാൻ അനുവദിച്ച തുക മതിയായി വന്നില്ല. തുടർപ്രവൃത്തി നടത്തുന്നതിന് ആവശ്യമായ തുക അനുവദിക്കുന്നതിനുവേണ്ടി ഈ സഭയിൽതന്നെ മൂന്ന്-നാല് സബ്മിഷൻ ഉന്നയിച്ചിരുന്നു. 2019-ൽ നിയമസഭയിൽ സബ്മിഷൻ നൽകിയിരുന്നു. പ്രസ്തുത കോളനിയിലേയ്ക്ക് നിലവിൽ വാഹനങ്ങൾക്ക് മാത്രമല്ല കാൽനട യാത്രക്കാർക്കുപോലും നടക്കാൻ സാധിക്കാത്ത സ്ഥിതിയാണ്. ഉരുൾപൊട്ടൽ പോലുള്ള പ്രകൃതിദുരന്തങ്ങൾ ഇടയ്ക്കിടെ ഉണ്ടാകുന്ന ഈ പ്രദേശത്ത് രക്ഷാപ്രവർത്തനത്തിനും മറ്റും വാഹനങ്ങൾ എത്തിപ്പെടാനും സാധിക്കാത്ത സാഹചര്യമാണ് നിലവിലുള്ളത്.

നിരന്തര ഇടപെടലിന്റെ ഭാഗമായി നിർമ്മാണം പൂർത്തീകരിക്കാനാവശ്യമായ തുക വകയിരുത്താൻ ട്രൈബൽ ഡിപ്പാർട്ട്മെന്റ് പി.ഡബ്ല്യൂ.ഡി.-യോടും ലോക്കൽ ബോഡിയോടും എസ്റ്റിമേറ്റ് ആവശ്യപ്പെട്ടിട്ടുണ്ട്. തുടർന്ന് BM&BC നിലവാരത്തിലും എം.എസ്.എസ്. നിലവാരത്തിലുമുള്ള എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ട്. നാളുകളേറെയായ മേൽ വിഷയത്തിൽ വകുപ്പ് അടിയന്തര നടപടി സ്വീകരിക്കണമെന്നാണ് സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. ഒ. ആർ. കേളു): സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച പ്രസ്തുത റോഡ് കോഴിക്കോട് ജില്ലയിലെ നാദാപുരം മണ്ഡലത്തിലെ വാണിമേൽ, ചെക്ക്യാട്, ചിറ്റാരി കണ്ടിവാതുക്കൽ പട്ടികവർഗ്ഗ നഗറിലേയ്ക്കുള്ള റോഡാണ്. പ്രസ്തുത റോഡ് നന്നാക്കുന്നതിനായി നേരത്തെ 2.42 കോടി രൂപ നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നു. പ്രസ്തുത പദ്ധതിയുടെ ഇംപ്ലിമെന്റേഷനായി കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനെയാണ് നേരത്തേ ചുമതലപ്പെടുത്തിയിരുന്നത്. അതുപ്രകാരം വർക്ക് ടെണ്ടർ ചെയ്തെങ്കിലും ഏറ്റെടുത്ത കരാറുകാരൻ പ്രവൃത്തി ആരംഭിക്കുന്നതിനോ ഏറ്റെടുത്ത്

നടപ്പാക്കുന്നതിനോ തയ്യാറാകാതെ ഉപേക്ഷിച്ചുപോവുകയാണ് ചെയ്തത്. അതിന്റെ അടിസ്ഥാനത്തിൽ വീണ്ടും പ്രസ്തുത റോഡ് അഭിവൃദ്ധിപ്പെടുത്തുന്നതിനായി പുതിയ എസ്റ്റിമേറ്റ് തയ്യാറാക്കാനായി പി.ഡബ്ല്യൂ.ഡി.-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആ എസ്റ്റിമേറ്റ് ജില്ലാതല വർക്കിംഗ് ഗ്രൂപ്പിൽ ലഭ്യമാക്കി അതിന്റെ അംഗീകാരത്തോടുകൂടി സ്റ്റേറ്റ്തല വർക്കിംഗ് ഗ്രൂപ്പിലേയ്ക്ക് ലഭ്യമാക്കുന്ന മുറയ്ക്ക് അടിയന്തര പ്രാധാന്യത്തോടുകൂടി പ്രയോറിറ്റി കൊടുത്ത് ഈ പ്രവൃത്തി പൂർത്തീകരിക്കുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കുമെന്നാണ് സൂചിപ്പിക്കാനുള്ളത്. ഇതിന്റെ വിശദമായ റിപ്പോർട്ട് മേശപ്പുറത്തുവയ്ക്കുന്നു.+

## 10. വേങ്ങേരി, കോട്ടൂളി, പാച്ചാക്കിൽ പ്രദേശങ്ങളിലെ വെള്ളക്കെട്ടും യാത്രാദുരിതവും

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ : സർ, എന്റെ മണ്ഡലത്തിലെ NHAI-യുടെ വെങ്ങളം-രാമനാട്ടുകര റോഡിന്റെ പ്രവൃത്തികൾ നടന്നുവരികയാണ്. ബഹുമാനപ്പെട്ട മന്ത്രി നേരിട്ട് പരിശോധിച്ചതിനാൽ മികച്ച രീതിയിലാണ് പ്രസ്തുത പ്രവൃത്തി നടക്കുന്നത്. കോഴിക്കോട് ബാലുശ്ശേരി റോഡിൽ വേങ്ങേരി

+ അനുബന്ധമായി ചേർക്കുന്നു.

മേൽപ്പാലത്തിന്റെ പ്രവൃത്തി കഴിഞ്ഞ ഒന്നര വർഷമായി നടക്കാത്തതുകാരണം റോഡ് അടച്ചിട്ടിരിക്കുകയാണ്. അതിനാൽ വാഹനങ്ങളെല്ലാം മാളിക്കടവ്-തണ്ണീർപ്പന്തൽ റോഡ് വഴിയാണ് പോകുന്നത്. കക്കഴി, തണ്ണീർപ്പന്തൽ, മാളിക്കടവ് റോഡ് ഹെവി വാഹനങ്ങളുടെ സഞ്ചാരം കാരണം മഴയത്ത് പൊട്ടിപ്പൊളിഞ്ഞ സ്ഥിതിയിലാണ്. മാളിക്കടവ് എം.എസ്.എസ്. സ്കൂൾ, ഐ.ടി.ഐ. എന്നീ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇവിടെയാണ് സ്ഥിതി ചെയ്യുന്നത്. അപകടങ്ങൾ വളരെയധികം വർദ്ധിച്ചുവരികയാണ്. റോഡ് പുതുക്കിപ്പണിയുന്നതിന് ബഹുമാനപ്പെട്ട മന്ത്രി പ്രത്യേക താൽപ്പര്യമെടുത്ത് 53 ലക്ഷം രൂപയും 25 ലക്ഷം രൂപയും അനുവദിച്ചിരുന്നു. എന്നാൽ ഈ റോഡിന്റെ പ്രവൃത്തി പകുതി ഭാഗം മാത്രം പൂർത്തീകരിച്ച് ബാക്കി പൂർത്തീകരിക്കാതെ കിടക്കുകയാണ്. ഗുജറാത്തിൽനിന്നും കൊണ്ടുവന്ന പൈപ്പ് ലൈൻ പുനഃസ്ഥാപിക്കാത്തതാണ് പ്രവൃത്തി പൂർത്തീകരിക്കുന്നതിന് തടസ്സമായി പറയുന്നത്. രണ്ട് പ്രധാനപ്പെട്ട സ്കൂളുകളിലെ കുട്ടികൾക്ക് അതുവഴി സഞ്ചരിക്കാൻ സാധിക്കാത്ത അവസ്ഥയിൽ എത്തിച്ചേർന്നിരിക്കുകയാണ്. അടിയന്തരമായി അത് പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കണം. കഴിഞ്ഞ

ഗവൺമെന്റിന്റെ കാലത്ത് നിർമ്മിച്ച ഏറ്റവും പ്രധാനപ്പെട്ട റോഡായ കോട്ടൂളി നേതാജി റോഡ് മുറിച്ചുകൊണ്ടാണ് ഈ റോഡ് പോകുന്നത്. അതിനാൽ അവിടെയൊരു മേൽപ്പാലമെങ്കിലും വേണം. അതുപോലെ പാച്ചാക്കിൽ റോഡിന്റെ വശത്തുള്ള വലിയ തോതിലെ വെള്ളക്കെട്ട് നീക്കാൻ ഡ്രെയിൻ നിർമ്മിക്കാനാവശ്യമായ അടിയന്തര നടപടി സ്വീകരിക്കണം. ബഹുമാനപ്പെട്ട മന്ത്രി ഒരു യോഗം വിളിച്ചുകൊണ്ട് ആ പ്രശ്നങ്ങൾ പരിഹരിക്കാനുള്ള നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ദേശീയ പാത NH-66 നിർമ്മാണവുമായി ബന്ധപ്പെട്ട് വേങ്ങേരി, കോട്ടൂളി, പാച്ചാക്കിൽ തുടങ്ങിയ പ്രദേശങ്ങളിൽ നിലനിൽക്കുന്ന പ്രശ്നങ്ങളാണ് ബഹുമാനപ്പെട്ട അംഗം ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ സബ്മിഷനിലൂടെ ഇവിടെ ഉന്നയിച്ചത്. ഇത് നേരിട്ട് അറിയാവുന്ന വിഷയമാണ്. നിരവധി തവണ ഇടപെട്ടതുമാണ്. പ്രധാനപ്പെട്ട പ്രശ്നം നിലനിൽക്കുന്നത് വേങ്ങേരി ജംഗ്ഷൻ വരുന്ന സ്ഥലത്താണ്. ബാലുശ്ശേരിയിൽനിന്നുള്ള സംസ്ഥാനപാത ദേശീയപാത-66-മായി

സംഗമിക്കുന്ന സ്ഥലമാണ് വേങ്ങേരി ജംഗ്ഷൻ. ഇവിടെ ഒരു ഓവർ പാസാണ് ദേശീയപാത അതോറിറ്റി നിർമ്മിക്കേണ്ടത്. ഇതുമൂലം ഇവിടെ ക്രോസ് മൂവ്മെന്റ് ഒരുവർഷത്തോളമായി തടസ്സപ്പെട്ടുകിടക്കുകയാണ്. വലതുഭാഗത്തെ ഓവർപാസിന്റെ നിർമ്മാണം ജനുവരിയിൽ പൂർത്തീകരിച്ചു. എന്നാൽ ഇടതുഭാഗത്ത് വാട്ടർ അതോറിറ്റി യൂട്ടിലിറ്റി ഷിഫ്റ്റിംഗുമായി ബന്ധപ്പെട്ട് പ്രവൃത്തി ആരംഭിക്കാൻ തടസ്സമുണ്ടായി. അന്ന് ആ വിഷയത്തിൽ പ്രശ്നപരിഹാരത്തിനായി ഇടപെടുകയും തുടർന്ന് പ്രവൃത്തി ആരംഭിക്കുകയും ചെയ്തു. യൂട്ടിലിറ്റി ഷിഫ്റ്റിംഗും ഓവർപാസ് നിർമ്മാണവും നിലവിൽ ആരംഭിച്ചിട്ടുണ്ട്. മഴ കാരണം ചില തടസ്സങ്ങൾ നേരിടുന്നുവെന്നാണ് മനസ്സിലാക്കുന്നത്. ജനങ്ങളുടെ ദുരിതം അവസാനിക്കണമെങ്കിൽ ഓവർപാസിന്റെ നിർമ്മാണം പൂർത്തിയാക്കേണ്ടതുണ്ട്. കാലാവസ്ഥ അനുകൂലമായാൽ സെപ്റ്റംബർ മാസത്തോടെ ഓവർപാസിന്റെ നിർമ്മാണം പൂർത്തിയാക്കാനാകുമെന്നാണ് ദേശീയപാത അതോറിറ്റി അറിയിച്ചിരിക്കുന്നത്. കോട്ടൂളിയിലും പാച്ചാക്കിലിലും വെള്ളക്കെട്ടാണ് പ്രധാന പ്രശ്നമായി ഉയർന്നുവന്നിരിക്കുന്നത്. അതുപരിഹരിക്കാനും അന്നുതന്നെ ദേശീയപാത

അതോറിറ്റിക്ക് നിർദ്ദേശം നൽകിയിരുന്നു. വെള്ളത്തിന്റെ ഒഴുക്ക് തടസ്സപ്പെടുത്തുന്ന രീതിയിൽ മാലിന്യങ്ങളടക്കം നീക്കം ചെയ്യാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. പാച്ചാക്കിൽ ഭാഗത്ത് റോഡിന്റെ ഇടതുഭാഗത്തുനിന്നും വലതുഭാഗത്തേയ്ക്ക് ഒഴുക്ക് സുഗമമാക്കാൻ ദേശീയപാതയ്ക്കുകുറുകെ ബാലൻസിംഗ് കൾവർട്ടുകൾ നൽകിയിട്ടുണ്ടെന്ന് NHAI അറിയിച്ചിട്ടുണ്ട്. മലാപ്പുറം മുതൽ തൊണ്ടയാട് വരെ ദേശീയപാത 66-ൽ ഇത്തരം 8 കൾവർട്ടുകളുണ്ട്. അതിൽ രണ്ടെണ്ണത്തിന്റെ നിർമ്മാണം പൂർത്തിയായി. ആറെണ്ണത്തിന്റെ നിർമ്മാണം പുരോഗമിക്കുന്നുവെന്നും ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്. കഴിഞ്ഞദിവസം ചേർന്ന കോഴിക്കോട് ജില്ലാ വികസന സമിതി യോഗത്തിൽ ഇതുൾപ്പെടെയുള്ള വിഷയങ്ങൾ ഗൗരവമായി ചർച്ച ചെയ്യണമെന്ന ആശയം മുന്നോട്ടുവച്ചിരുന്നു. നിർമ്മാണ സമയത്തുണ്ടാകുന്ന ഇത്തരം വെള്ളക്കെട്ടുൾപ്പെടെയുള്ള വിഷയങ്ങൾക്ക് പരിഹാരം കാണണമെന്ന തീരുമാനത്തിന്റെ ഭാഗമായി ഡെപ്യൂട്ടി കളക്ടറെ നോഡൽ ഓഫീസറായി നിശ്ചയിക്കുകയും ദേശീയപാത നിർമ്മാണവുമായി ബന്ധപ്പെട്ട അവലോകന യോഗവും ഉടൻ സംസ്ഥാനാടിസ്ഥാനത്തിൽ ചേരുന്നതുമാണ്. ഈ

അവലോകന യോഗത്തിൽ ഈ പ്രശ്നവും പ്രത്യേകമായിത്തന്നെ ഫോളോഅപ് നടത്തും.

ഇക്കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട അരൂർ അംഗം ശ്രീമതി ദെലീമ അരൂർ-തുറവൂർ എൻ.എച്ച്.-66-മായി ബന്ധപ്പെട്ട് ഒരു വിഷയം ഉന്നയിച്ചിരുന്നു. അതിലെ കെ.എസ്.ആർ.ടി.സി. കുഴിയിൽ വീഴുന്ന ഒരു ചിത്രം, ഇന്ന് കേന്ദ്ര സർക്കാരിനെ നയിക്കുന്ന രാഷ്ട്രീയ പാർട്ടിയുടെ ഒരു ദേശീയ നേതാവ് 'കേരളത്തിലെ റോഡുകളിതാണ്' എന്നുപറഞ്ഞ് പരിഹസിച്ചുകൊണ്ട് ആ ചിത്രം നൽകുന്ന സ്ഥിതിയുണ്ടായി. പൊതുവെ പി.ഡബ്ല്യു.ഡി.-യുമായി ഒരു ബന്ധവുമില്ലാത്ത റോഡുകളും പി.ഡബ്ല്യു.ഡി.-യുടേതാണെന്ന് വരുത്തിത്തീർത്ത് ഉത്തരവാദിത്വപ്പെട്ട ദൃശ്യ-അച്ചടി മാധ്യമങ്ങൾ തെറ്റായ വാർത്ത നൽകുന്നൊരു സ്ഥിതി പൊതുവെയുണ്ട്. സ്മാർട്ട് സിറ്റി റോഡുമായി ബന്ധപ്പെട്ടും ഇതുപോലൊരു വാർത്ത വന്നിരുന്നു. ഗതാഗത യോഗ്യമാക്കുമെന്നുള്ള ഉറപ്പാണ് സർക്കാർ നൽകിയത്. ഗതാഗത യോഗ്യമാക്കി. എന്നാൽ സ്മാർട്ട് സിറ്റി റോഡ് ഗതാഗത യോഗ്യമാക്കൽ മാത്രമല്ല ചെയ്യേണ്ടത്; അവിടെ കൾവർട്ട് വേണം, ഡക്ട് വേണം മറ്റ് പലതും വേണം. അതിന്റെ പ്രവൃത്തി നടക്കുമ്പോൾ പറഞ്ഞ

വാക്ക് പാലിച്ചില്ലെന്ന നിലയിൽ വാർത്ത കൊടുക്കുന്ന സ്ഥിതിയാണുള്ളത്. ഗതാഗത യോഗ്യമാക്കി പറഞ്ഞ വാക്ക് പാലിച്ച് മുന്നോട്ടുപോയിട്ടും ഇങ്ങനെ തെറ്റിദ്ധാരണ പരത്തുന്ന നിലയാണ് സ്വീകരിക്കുന്നത്. ഇത് പൊതുവെ നാടിന് എത്രത്തോളം ഗുണകരമാണെന്നത് ചർച്ച ചെയ്യപ്പെടണം. എൻ.എച്ച്.-66-മായി ബന്ധപ്പെട്ട ഇതുപോലുള്ള എല്ലാ വിഷയങ്ങളും പരിശോധിക്കാൻ സംസ്ഥാനതലത്തിൽ ഒരു യോഗം വിളിച്ചുചേർക്കുമെന്നുള്ളതും ഈ സഭയെ അറിയിക്കുകയാണ്.